**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം : 167** **26.09. 2011-ൽ മറുപടിക്ക്.**

## നെയ്യാറ്റിൻകര ഫയർ സ്റ്റേഷൻ പരാധീനതകൾ പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ് | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) നെയ്യാറ്റിൻകര ഫയർ സ്റ്റേഷന്റെ പരാധീനതകൾ പരിഹരിക്കുന്നതിനായി മണ്ഡലത്തിലെ നിയമസഭാംഗം നൽകിയ കുറിപ്പിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ ലഭ്യമാക്കുമോ ;<br><br>(ബി) 8.7.2011 ആഭ്യന്തര (എഫ്) 51614/എഫ്2/2011 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ കേരള ഫയർ ആന്റ് റെസ്ക്യൂ കമാൻഡന്റ് ജനറൽ സ്വീകരിച്ച നടപടികൾ ഇനം തിരിച്ച് ലഭ്യമാക്കുമോ ; നടപടി സ്വീകരിച്ചില്ലെങ്കിൽ കാരണം ലഭ്യമാക്കുമോ ; | : (എ) & (ബി) ഓഫീസ് സൗകര്യം വർദ്ധിപ്പിക്കുന്നതിനും, ജീവനക്കാർക്ക് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനും സ്ഥലം ലഭ്യമല്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി കൂടുതൽ വാഹനങ്ങളും ഉപകരണങ്ങളും വരും വർഷങ്ങളിൽ വാങ്ങുന്ന മുറയ്ക്ക് ലഭ്യതയുടെ അടിസ്ഥാനത്തിൽ നെയ്യാറ്റിൻകര നിലയത്തി-ലേയ്ക്ക് അനുവദിച്ച് നൽകാൻ നടപടി സ്വീകരിക്കുന്നതാണ്. കാട്ടാക്കട ഉൾപ്പെടെയുള്ള സമീപ പ്രദേശങ്ങളിലെ ഫയർ സ്റ്റേഷനുകളിൽ നിന്നും അടിയന്തിര ഘട്ടങ്ങളിൽ വാഹനങ്ങളും, ഉപകരണങ്ങളും ലഭ്യമാക്കാറുണ്ട്. |
| (സി) 27.6.2011-ന് ശേഷം നെയ്യാറ്റിൻകര ഫയർ സ്റ്റേഷന് ഏതൊക്കെ, ഉപകരണങ്ങളാണ് ലഭ്യമാക്കിയതെന്ന് വ്യക്തമാക്കുമോ ? | : (സി) ഉപകരണങ്ങൾ സ്റ്റോക്കിൽ ലഭ്യമല്ലാത്തതിനാൽ 27.6.2011-ന് ശേഷം നെയ്യാറ്റിൻകര നിലയത്തിലേയ്ക്ക് ഉപകരണങ്ങൾ നൽകാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ